# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2075 01/02/2018-ൽ മറുപടിക്ക്

### എച്ച്.ഐ.വി. രോഗബാധിതരുടെ പുനരധിവാസത്തിനായി പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.ഐ.ബി. സതീഷ്<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.എം. നൗഷാദ് | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | എച്ച്.ഐ.വി. രോഗബാധിതരുടെ പുനരധിവാസത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | എച്ച്.ഐ.വി അണുബാധിതരുടെ പുനരധിവാസത്തിനായി സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ മേൽനോട്ടത്തിൽ പുനരധിവാസ പദ്ധതികളൊന്നും നിലവിലില്ലെങ്കിലും സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള പദ്ധതികളിലൂടെ പുനരധിവാസം നടത്തിവരുന്നു. |
| ബി) | ഈ മേഖലയിൽ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാ മാണെന്ന് വ്യക്തമാക്കാമോ; | ബി) | എച്ച്.ഐവി രോഗവ്യാപനം തടയുന്നതിനായി എച്ച്.ഐ.വി പിടിപെടാൻ സാധ്യത കൂടുതലുള്ളവരെ കേന്ദ്രീകരിച്ചു കൊണ്ട് വിവിധ ബോധവത്ക്കരണ പരിപാടികൾ, എച്ച്.ഐ.വി പരിശോധന, ഗർഭനിരോധന ഉറകളുടെ വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾ 'സുരക്ഷ' പദ്ധതിയിലൂടെ നടപ്പിലാക്കുന്നു. ലൈംഗിക രോഗമുള്ളവർക്ക് എച്ച്.ഐ.വി പിടിപെടാൻ സാധ്യത കൂടുതൽ ആയതിനാൽ ലൈംഗിക രോഗപരിശോധനയും കൗൺസിലിംഗും ചികിത്സയും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ 'പുലരി' (STI) കേന്ദ്രങ്ങളിൽക്കൂടി സൗജന്യമായി നടപ്പിലാക്കുന്നു. എച്ച്.ഐ.വി പരിശോധനയും കൗൺസിലിംഗും പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിൽ പ്രവർത്തിക്കുന്ന 'ജ്യോതിസ്' (Jyothis) കേന്ദ്രങ്ങളിൽ കൂടി സൗജന്യമായി നടപ്പിലാക്കുന്നു. എച്ച്.ഐ.വി പ്രതിരോധത്തിനും, അണുബാധിതയായ അമ്മയിൽ നിന്നും കുഞ്ഞിലേക്കുള്ള അണുവ്യാപനം തടയുന്നതിനും ജ്യോതിസ് കേന്ദ്രങ്ങളിലെ കൗൺസിലിംഗ് സെക്ഷനുകളിൽ ഊന്നൽ നൽകുന്നു.<br>രക്തസന്നിവേശത്തിലൂടെയുള്ള എച്ച്.ഐ.വി വ്യാപനം തടയുന്നതിനായി സ്വമേധയും തുടർച്ചയായുമുള്ള സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കുകയും, രക്തസുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള സ്ക്രീനിംഗ് പരിശോധനകളിലൂടെ മലേറിയ, ഹെപ്പറ്റൈറ്റിസ് ബി, ഹെപ്പറ്റൈറ്റിസ് സി, എച്ച്.ഐ.വി, സിഫിലിസ് എന്നിവ ഇല്ല എന്ന് രക്തബാങ്കുകൾ ഉറപ്പാക്കുകയും ചെയ്യുന്നു.<br>എച്ച്.ഐ.വി പ്രതിരോധത്തിനും എച്ച്.ഐ.വി ബാധിതരോടുള്ള സാമൂഹ്യനിന്ദ ഇല്ലാതാക്കുന്നതിനുമായി ടെലിവിഷൻ, റേഡിയോ, സാമൂഹ്യമാധ്യമങ്ങൾ,ബസ്സ് ബ്രാൻഡിംഗ്, ചുവരെഴുത്തുകൾ, |

| | | | |
|---|---|---|---|
| | | | ഹോർഡിങ്ങുകൾ തുടങ്ങിയ വിവിധ മാധ്യമങ്ങളിൽക്കൂടിയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങളും, വിവിധ ദിനാചരണങ്ങളും നടത്തിവരുന്നു. കൂടാതെ കലാലയങ്ങളിൽ റെഡ് റിബൺ ക്ലബ്ബുകൾ രൂപീകരിച്ച് വിദ്യാർത്ഥികളുടെ ഇടയിൽ എച്ച്.ഐ.വി യെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നു. എച്ച്.ഐ.വി അണുബാധിതർക്കാവശ്യമായ ആന്റി റിട്രോവൈറൽ ചികിത്സ സംസ്ഥാനത്ത് നിലവിലുള്ള ഉഷസ്സ് കേന്ദ്രങ്ങളിലൂടെ (എ.ആർ.ടി സെന്റർ) നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെ സഹായത്തോടെ സൗജന്യമായി നൽകിവരുന്നു. കേരളത്തിൽ 10 ചികിത്സാ കേന്ദ്രങ്ങളാണ് ഉള്ളത്. സർക്കാർ മെഡിക്കൽ കോളേജുകളായ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ജനറൽ ആശുപത്രി എറണാകുളം/കാസർഗോഡ്, ജില്ലാ ആശുപത്രികളായ കൊല്ലം, പാലക്കാട് & കണ്ണൂർ എന്നിവിടങ്ങളിൽക്കൂടിയാണ് ചികിത്സ ലഭ്യമാക്കുന്നത്. എച്ച്.ഐ.വി അണുബാധമൂലം എയ്ഡ്സ് എന്ന രോഗാവസ്ഥയിലെത്തിയവർക്കാണ് എ.ആർ.ടി ചികിത്സ നൽകിവരുന്നത്. കൂടാതെ ഇവർക്ക് വരാൻ സാധ്യതയുള്ള അവസരജന്യരോഗങ്ങളായ ക്ഷയം, ന്യൂമോണിയ, വിവിധ തരത്തിലുള്ള വായിലും തൊണ്ടയിലുമുള്ള പൂപ്പൽ രോഗങ്ങൾ, ശരീരത്തിലെ ഗ്രന്ഥികളുടെ വീക്കം തുടങ്ങിയവയ്ക്കുള്ള ചികിത്സയും സൗജന്യമായി നൽകിവരുന്നു. എ.ആർ.ടി സെന്റർ ഇല്ലാത്ത ജില്ലകളിൽ എച്ച്.ഐ.വി അണുബാധിതർക്ക് എ.ആർ.ടി മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള 13 ഉപകേന്ദ്രങ്ങളും (Link ART Centre) പ്രവർത്തിച്ചുവരുന്നു. ഈ ചികിത്സയ്ക്ക് മുന്നോടിയായിട്ടുള്ള കൗൺസിലിങ്ങും ലഭ്യമാക്കുന്നതോടൊപ്പം ശരിയായ ജീവിത ചര്യകളിലൂടെയും ആവശ്യമായ ചികിത്സയിലൂടെയും എയ്ഡ്സ് ബാധിതരാകാതെ സാധാരണ ജീവിതം നയിക്കുവാനും അവർ ദീർഘകാലം ജീവിക്കാനും സാധ്യമാകുന്നു. |
| സി) | ഈ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സേവനകേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | സി) | 1. ജ്യോതിസ് കേന്ദ്രങ്ങൾ (ICTC)<br>2. ഉഷസ്സ് കേന്ദ്രങ്ങൾ (ART)<br>3. പുലരി ക്ലിനിക്കുകൾ (STI)<br>4. സുരക്ഷ പദ്ധതികൾ (TI)<br>5. രക്ത സുരക്ഷിതത്വ വിഭാഗം (Blood Safety) എന്നിവ. |
| ഡി) | കൃത്യമായ ബോധവൽക്കരണത്തിലൂടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെയും പരമാവധി ആളുകളിൽ എച്ച്.ഐ.വി, എയ്ഡ്സ് സംബന്ധിച്ച് അവബോധം സൃഷ്ടിക്കുക വഴി | ഡി) | i) വിവിധ ബോധവത്ക്കരണ പരിപാടികൾ, എച്ച്.ഐ.വി പരിശോധന, ഗർഭനിരോധന ഉറകളുടെ വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾ 'സുരക്ഷ' പദ്ധതിയിലൂടെ നടപ്പിലാക്കുന്നു.<br>ii) ലൈംഗിക രോഗമുള്ളവർക്ക് എച്ച്.ഐ.വി പിടിപെടാൻ സാധ്യത കൂടുതൽ ആയതിനാൽ ലൈംഗിക രോഗപരിശോധനയും കൗൺസിലിംഗും ചികിത്സയും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ 'പുലരി' (STI) കേന്ദ്രങ്ങളിൽക്കൂടി സൗജന്യമായി നടപ്പിലാക്കുന്നു. |

| | | |
|---|---|---|
| | സംസ്ഥാനത്ത് പുതുതായി ഒരു കേസ് പോലും റിപ്പോർട്ട് ചെയ്യപ്പെടാത്ത സ്ഥിതി വിശേഷം സംജാതമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതൊന്ന് വ്യക്തമാക്കാമോ? | iii) എച്ച്.ഐ.വി പരിശോധനയും കൗൺസിലിംഗും പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിൽ പ്രവർത്തിക്കുന്ന 'ജ്യോതിസ്' (Jyothis) കേന്ദ്രങ്ങളിൽ കൂടി സൗജന്യമായി നടപ്പിലാക്കുന്നു. എച്ച്.ഐ.വി പ്രതിരോധത്തിനും, അണുബാധിതയായ അമ്മയിൽ നിന്നും കുഞ്ഞിലേക്കുള്ള അണുവ്യാപനം തടയുന്നതിനും ജ്യോതിസ് കേന്ദ്രങ്ങളിലെ കൗൺസിലിംഗ് സെക്ഷനുകളിൽ ഊന്നൽ നൽകുന്നു.<br>iv) രക്തസന്നിവേശത്തിലൂടെയുള്ള എച്ച്.ഐ.വി വ്യാപനം തടയുന്നതിനായി സ്വമേധയും തുടർച്ചയായു മുള്ള സന്നദ്ധരക്തദാനം പ്രോത്സാഹിപ്പിക്കുകയും, രക്തസുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള സ്ക്രീനിംഗ് പരിശോധനകളിലൂടെ മലേറിയ, ഹെപ്പറ്റൈറ്റിസ് ബി, ഹെപ്പറ്റൈറ്റിസ് സി, എച്ച്.ഐ.വി, സിഫിലിസ് എന്നിവ ഇല്ല എന്ന് രക്തബാങ്കുകൾ ഉറപ്പാക്കുകയും ചെയ്യുന്നു.<br>v) എച്ച്.ഐ.വി പ്രതിരോധത്തിനും എച്ച്.ഐ.വി ബാധിതരോടുള്ള സാമൂഹ്യനിന്ദ ഇല്ലാതാക്കുന്നതിനുമായി ടെലിവിഷൻ, റേഡിയോ, സാമൂഹ്യമാധ്യമങ്ങൾ, ബസ്സ് ബ്രാൻഡിംഗ്, ചുവരെഴുത്തുകൾ, ഹോർഡിങ്ങുകൾ തുടങ്ങിയ വിവിധ മാധ്യമങ്ങളിൽക്കൂടിയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങളും, വിവിധ ദിനാചരണങ്ങളും നടത്തിവരുന്നു. കൂടാതെ കലാലയങ്ങളിൽ റെഡ് റിബൺ ക്ലബ്ബുകൾ രൂപീകരിച്ച് വിദ്യാർത്ഥികളുടെ ഇടയിൽ എച്ച്.ഐ.വിയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നു.<br>vi) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ബോധവത്ക്കരണ പ്രവർത്തനങ്ങൾ താഴെത്തട്ടിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. എച്ച്.ഐ.വി അണുബാധിതരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും സാമൂഹ്യസുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി വിവിധ വകുപ്പുകൾ/സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്രതിമാസ ധനസഹായ പദ്ധതി, പോഷകാഹാര വിതരണ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ എല്ലാ എച്ച്.ഐ.വി ബാധിത കുടുംബങ്ങളെയും ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ട്. ആർ.എസ്.ബി.വൈ, സ്നേഹപൂർവ്വം - വിദ്യാഭ്യാസ ധനസഹായ പദ്ധതി എന്നിവയിലും അണുബാധിതരെ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ